തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : സൂസൻ ഗോപി.

വിഷയം : വനം വകുപ്പ് - ജീവനക്കാര്യം - വനംവകുപ്പിലെ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകളുടെ 10% താഴ്ന്ന ശമ്പള സ്കെയിലിൽപ്പെട്ട ജീവനക്കാരിൽനിന്നും തസ്തിക മാറ്റം വഴി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)ന്റെ 30.01.2016-ലെ ഇ1-1830/14 നമ്പർ ഉത്തരവ്.
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 24.05.2014-ലെ ഇ2-1830/2014 നമ്പർ ഉത്തരവ്.
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 06.07.2018-ലെ ഇ3-6000/18 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ2-4753/2015. തീയതി : 06.07.2018.**

വനം വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ ക്രമനമ്പർ (2) ശ്രീ.സാബു.വി., ഓഫീസ് അറ്റൻഡന്റിന് തസ്തികമാറ്റം നൽകി സൂചന (2) പ്രകാരം ഉത്തരവായിരുന്നു. കൊല്ലം ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശുപാർശ പ്രകാരം ഓഫീസ് അറ്റൻഡന്റിന്റെ തസ്തികയിൽ നിയമിതനായ ശ്രീ.സാബു.വി.യെ സൂചന മൂന്ന് പ്രകാരം ഉണ്ടായ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് കൊല്ലം ജില്ലയിൽ നിയമിക്കാവുന്നതാണ്.

മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലയിൽ പുനലൂർ (ടിമ്പർ സെയിൽസ്) ഡിവിഷനിൽ ടൈപ്പിസ്റ്റായിരുന്ന ശ്രീമതി.അനിത.എസ്-ന് യു.ഡി.ക്ലാർക്ക് തസ്തികയിലേക്ക് സൂചന (3) പ്രകാരം തസ്തികമാറ്റം അനുവദിച്ചതിനെ തുടർന്ന് ടൈപ്പിസ്റ്റ് തസ്തികയിൽ ഒരൊഴിവ് നിലവിൽ വന്നിട്ടുണ്ട്. ടി തസ്തികയിലേക്ക് ശ്രീ.സാബു.വി ക്ക് നിയമനം നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

പകർപ്പ് :

1. വ്യക്തിക്ക് (മേലധികാരി മുഖേന).
2. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (ടിമ്പർ സെയിൽസ്), തിരുവനന്തപുരം.
3. ഡിപ്പോ ഓഫീസർ (ടിമ്പർ സെയിൽസ്), കുളത്തൂപ്പുഴ.
4. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, കൊല്ലം.
5. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (ടിമ്പർ സെയിൽസ്), പുനലൂർ.

*D: \Shibu.P-2018\PROCEEDINGS\E2 -4753-15 LDT.doc*